# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

No. GR IIA(2)1080/013/GW

തിരുവനന്തപുരം
തീയതി:18/10/2013

## തിരുത്തൽ വിജ്ഞാപനം

കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ഹോം സയൻസ്) തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി 2013 ജൂൺ 29 തീയതിയിലെ കാറ്റഗറി നമ്പർ 158/2013 ആയി പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനത്തിലെ മലയാള പരിഭാഷയിൽ ഖണ്ഡിക 7 യോഗ്യതകളിൽ "പ്രത്യേക ഇളവുകൾ" എന്ന തലക്കെട്ടിന് മുൻപായി താഴെപ്പറയുന്ന ഭാഗങ്ങൾ കൂടി ചേർത്ത് വായിക്കേണ്ടതാണ്.

കുറിപ്പ് :- 1. ബി.എഡ് . ബിരുദയോഗ്യതയുള്ളവരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

പി.എച്ച്.ഡി ബിരുദമോ എം.ഫിൽ.ബിരുദമോ നേടിയിട്ടുള്ളവർകക്കും ജൂനിയർ റിസർച്ച് ഫെലോഷിപ്പ്/നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചുവർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം നേടിയിരിക്കണം.

2. കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

29/06/2013 ലെ വിജ്ഞാപനത്തിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല

**പി സി ബിനോയ്**
**സെക്രട്ടറി**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ